**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224** **02-08-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനങ്ങളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2017 ൽ ലാൻഡ് റവന്യൂ കമ്മീഷണർ, സർവെ ഡയറക്ടർ, സർവെ അഡീഷണൽ ഡയറക്ടർ, ലാൻഡ് റവന്യൂ IT സെൽ നോഡൽ ഓഫീസർ, കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ (KLIM) പ്രോജക്ട് മാനേജർ തുടങ്ങിയവർ ഗുജറാത്ത് സംസ്ഥാനം സന്ദർശിച്ച് അവിടെ നടപ്പിലാക്കിയിട്ടുള്ള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ സംബന്ധിച്ച നടപടികൾ മനസ്സിലാക്കിയിട്ടുള്ളതും, 2020 ഫെബ്രുവരി 12, 13 തീയതികളിൽ ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്ന സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി ഒരു നാഷണൽ സെമിനാർ സംസ്ഥാനത്ത് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 19-07-21 തീയതി മുതൽ 23-07-2021 വരെ സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ ആന്ധ്രാപ്രദേശ് സന്ദർശിച്ച് ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷനുമായി ബന്ധപ്പെട്ട് അവിടെ സ്വീകരിച്ചിട്ടുള്ള നൂതന സാങ്കേതിക വിദ്യകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. |
| (ബി) | എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനങ്ങളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2017 ൽ ലാൻഡ് റവന്യൂ കമ്മീഷണർ, സർവെ ഡയറക്ടർ, സർവെ അഡീഷണൽ ഡയറക്ടർ, ലാൻഡ് റവന്യൂ IT സെൽ നോഡൽ ഓഫീസർ, കേരള ലാന്റ് |

| | | | |
|---|---|---|---|
| | | | ഇൻഫർമേഷൻ മിഷൻ (KLIM) പ്രോജക്റ്റ് മാനേജർ തുടങ്ങിയവർ ഗുജറാത്ത് സംസ്ഥാനം സന്ദർശിച്ച് അവിടെ നടപ്പിലാക്കിയിട്ടുള്ള ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ സംബന്ധിച്ച നടപടികൾ മനസ്സിലാക്കിയിട്ടുള്ളതും, 2020 ഫെബ്രുവരി 12, 13 തീയതികളിൽ ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷൻ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്ന സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി ഒരു നാഷണൽ സെമിനാർ സംസ്ഥാനത്ത് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 19-07-21 തീയതി മുതൽ 23-07-2021 വരെ സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ ആന്ധ്രാപ്രദേശ് സന്ദർശിച്ച് ലാൻഡ് റിക്കാർഡ്സ് മോഡണൈസേഷനുമായി ബന്ധപ്പെട്ട് അവിടെ സ്വീകരിച്ചിട്ടുള്ള നൂതന സാങ്കേതിക വിദ്യകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. |
| (സി) | റീസർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായെങ്കിലും, 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ 87 വില്ലേജുകൾ ഒഴികെയുള്ള 1579 വില്ലേജുകളും (റീസർവെ ജോലികൾ പുരോഗതിയിലുള്ള വില്ലേജ് ഉൾപ്പെടെ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ സർവെ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ